# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2052 04.11.2019-ൽ മറുപടിക്ക്**

## മാൽകോടെക്സ് മില്ലിലെ രാജി വച്ച ജീവനക്കാരന്റെ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. അബ്ദു റബ്ബ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് മാനേജർ ആയിരുന്ന സഗീർ കാലടി കടുത്ത തൊഴിൽ പീഡനം ഏൽക്കേണ്ടി വന്നതിനാൽ ഇരുപതു വർഷം സർവ്വീസ് ബാക്കി നിൽക്കേ ജോലി യിൽ നിന്നും 2019 ജൂലൈ ഒന്നിന് രാജി വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മാൽകോടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിലെ അക്കൗണ്ട്സ് മാനേജർ ആയിരുന്ന ശ്രീ.സഹീർ കാലടി പീഡനം ഏൽക്കേണ്ടി വന്നതിനാൽ രാജി വച്ചു എന്നുള്ളകാര്യം വസ്തുതാ വിരുദ്ധമാണ്. ഉപരിപഠനത്തിനും സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനും വേണ്ടി ദീർഘകാല ലീവിന് അപേക്ഷിച്ചത് നിരസിച്ചപ്പോൾ മെഡിക്കൽ ഗ്രൗണ്ടിൽ ലീവ് അപേക്ഷ മാറ്റി നൽകുകയും ലീവ് പാസാക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ ശിപാർശ ലഭിക്കുന്നതിന് അയക്കുകയും മറുപടി ലഭിക്കുന്നതിന് മുമ്പേ ടിയാൻ സ്വമേധയാ രാജിവെച്ചതാണ്. |
| (ബി) തൊഴിൽ പീഡനം മൂലം രാജി വച്ചിട്ടും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യ ങ്ങൾ നൽകാത്തതും മാൽകോടെക്സ് എം.ഡി നടത്തിയ സാമ്പത്തിക അഴിമതിയും സംബന്ധിച്ച് സഗീർ കാലടി മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് നൽകിയ പരാതിയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരി ക്കാമോ; ഈ വിഷയത്തിൽ അന്വേ ഷണം നടത്താൻ ഉത്തരവിടുമോ; | (ബി) ആനുകൂല്യങ്ങൾ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.സഹീർ കാലടി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ കൈത്തറി & വസ്ത്ര ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. രാജി വച്ചിട്ടും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിയില്ല എന്നുള്ള പരാതി വാസ്തവവിരുദ്ധമാണ്. രാജി സ്വീകരിച്ച് കൊണ്ട് ടിയാൾക്കയച്ച കത്തിൽ തന്നെ എല്ലാ ആനുകൂല്യങ്ങളും മില്ലിൽ നേരിട്ട് ഹാജരായി കൈപ്പറ്റണമെന്ന് വ്യക്തമായി നിർദ്ദേശി ച്ചിരുന്നെങ്കിലും ടിയാൻ നേരിട്ട് ഹാജരാ |

| | |
|---|---|
| | കുകയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ അർഹതപ്പെട്ട തുക അയച്ചുതരണമെന്ന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ടിയാളുടെ ആനുകൂല്യം 30/10/2019 ന്റെ ചെക്ക് മുഖേന നൽകിയിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ? | (സി) ടിയാൻ WP(C) No.25781/19 നമ്പർ കേസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ